ട്രെയിനിംഗ് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സെഷണൽ മാർക്ക് കൊടുക്കുന്ന സമ്പ്രദായം

1163 [1853] ശ്രീ. പി.ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രെയിനിംഗ് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സെഷണൽ മാർക്ക് കൊടുക്കുന്ന സമ്പ്രദായം ഇപ്പോഴുണ്ടോ;

(ബി) ആരാണ് ഈ മാർക്കു കൊടുക്കുന്നത്;

(സി) ഇതിന്റെ ഉദ്ദേശമെന്ത്;

(ഡി) കേവലം മനോഭാവത്തിനനുസരിച്ച് ചെയ്യാൻ സാധിക്കുന്ന ഈ അധികാരം വിഷമതയുണ്ടാക്കുന്നതായി പരാതി കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ക്കൂളിൽനിന്നും തയ്യാറാക്കുന്ന മാർക്ക് റീജിയണൽ കോ.ഓർഡിനേറ്റിംഗ് ബോർഡും, അതിനുശേഷം സെൻട്രൽ കോ ഓർഡിനേറ്റിംഗ് ബോർഡും പരിശോധിച്ച് സെഷണൽ മാർക്ക് നിജപ്പെടുത്തുന്നു.

(സി) ഇന്റേണൽ അസസ്മെന്റ് വഴി കുട്ടികളുടെ കഴിവുകൾ വിലയിരുത്തുക എന്നുള്ളതാണ് പ്രധാനമായും സെഷണൽ മാർക്ക് സമ്പ്രദായംകൊണ്ട് ഉദ്ദേശിക്കുന്നത്.

(ഡി) സെഷണൽ മാർക്ക് സമ്പ്രദായം നിറുത്തലാക്കണമെന്ന് പരാതി കിട്ടിയിട്ടുണ്ട്.

(ഇ) പരാതിക്കടിസ്ഥാനമായ കാരണം ശരിയല്ല എന്നാണറിഞ്ഞത്.

ടൂറിസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർ

1164 [1854] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ജീവനക്കാരിൽ ജി.ഒ. എത്ര; എൻ.ജി.ഒ. എത്ര;

(ബി) ഇവരിൽ പി.എസ്.സി. മുഖാന്തിരം നിയമിച്ചവരെത്ര;

(സി) ഈ വകുപ്പിലെ നിയമനം പി.എസ്.സി.ക്ക് വിട്ടു കൊടുത്തിട്ടും പി.എസ്.സി.യിൽ കൂടിയല്ലാതെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ഡി) ഈ വകുപ്പിൽ ഇപ്പോഴും ഉള്ള ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly